## പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 1948 17/06/2013-ൽ മറുപടിക്ക്

### ആദിവാസി മേഖലയിൽ പോഷകാഹാര വിതരണത്തിനായി ചെലവഴിച്ച തുക

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | | കുമാരി. പി.കെ. ജയലക്ഷ്മി (പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെ ആദിവാസി മേഖലയിൽ പോഷകാഹാരക്കുറവ് മൂലം എത്രപേർ മരണപ്പെട്ടിട്ടു; അപ്രകാരം സംഭവിച്ച ഊരുകൾ ഏതൊക്കെ; വിശദമാക്കുമോ; | എ | 49 പേർ മരണപ്പെട്ടിട്ടുണ്ട്.<br>ചുവടെ പറയുന്ന ഊരുകളിലാണ് മരണം സംഭവിച്ചത്.<br>1. വടക്കേകടമ്പാറ, 2. പാലൂർ, 3.നെല്ലിപ്പതി, 4.തെക്കേകടമ്പാറ, 5. വെള്ളക്കുളം, 6. അരളിക്കോണം, 7. എടവാണി, 8.ചെമ്പുവട്ടകാട് , 9. വെച്ചപ്പതി, 10. മേട്ടുവഴി, 11. കുളപ്പടിക, 12. പ്ലാമരചുവട്. 13.വീരന്നൂർ, 14. ഷോളയൂർ, 15. പൊത്തുപ്പാടി. 16. പട്ടിമാളം, 17. മേലെക്കണ്ടിയൂർ, 18. കോണംകുത്ത്, 19. കോവിൽമേട്, 20. മേലേമുള്ളി, 21. അഗളിമേലെഊര്, 22. പലകയൂർ, 23. ചീരക്കടവ്. |
| ബി | ഈ സർക്കാർ അധികാരമേറ്റ ശേഷം നാളിതുവരെ ആദിവാസി മേഖലയിൽ പോഷകാഹാര വിതരണത്തിനായി ചെലവഴിച്ച തുക എത്ര; | ബി | ആദിവാസികൾക്കടക്കം സംസ്ഥാനത്തെ മുഴുവൻ ജനവിഭാഗങ്ങൾക്കും പോഷകാഹാരം വിതരണം ചെയ്യാനുള്ള ചുമതല സാമൂഹ്യനീതിവകുപ്പിനാണ്. പട്ടികവർഗ്ഗ വികസന വകുപ്പിന് ഇത്തരം പദ്ധതികൾ ഉണ്ടായിട്ടില്ല. പക്ഷെ പട്ടിക വർഗ്ഗ വികസന വകുപ്പ് ഫുഡ് സപ്പോർട്ട് പ്രോഗ്രാം എന്ന പേരിൽ പഞ്ഞമാസങ്ങളിൽ തൊഴിലില്ലായ്മ മൂലം ദുരിതമനുഭവിക്കുന്ന പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭക്ഷ്യക്ഷാമം ഉണ്ടാകാതിരിക്കുന്നതിനു അരി, പയർ എന്നിവയും പ്രത്യേക ദുർബല വിഭാഗങ്ങൾക്കായി ഓരോ കുടുംബത്തിനും പ്രതിമാസം 25 കിലോ അരി, 2 കിലോ ചെറുപയർ, 2 കിലോ വൻപയർ, 2 കിലോ വെളിച്ചെണ്ണ, 2 കിലോ പഞ്ചസാര എന്നിവയും വിതരണം ചെയ്യുന്നുണ്ട്. ഇതിനായി 2011-12 വർഷം 139.44 ലക്ഷം രൂപയും 2012-13 വർഷം 164.63 ലക്ഷം രൂപയും ചെലവഴിച്ചു. 2013-14 വർഷം അട്ടപ്പാടിയിൽ |

| | | | |
|---|---|---|---|
| | | | പോഷകാഹാരപ്രശ്നം റിപ്പോർട്ട് ചെയ്ത ഉടനെ 47 ലക്ഷം രൂപ ചെലവിൽ 10 കിലോ അരിയും 2 കിലോ പയറും വീതം നൽകി. അടുത്ത 4 മാസം പ്രതിമാസം 10 കിലോ റാഗി, 2 കിലോ പയർ വീതം നൽകുന്നതിന് 153 ലക്ഷം രൂപ അനുവദിച്ചു. |
| സി | എന്ത് തുക ഈയിനത്തിൽ നീക്കിയിരിപ്പുണ്ട്; വെളിപ്പെടുത്താമോ? | സി | നടപ്പ് സാമ്പത്തികവർഷം ഫുഡ് സപ്പോർട്ട് പ്രോഗ്രാം ഇനത്തിൽ 180 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ പ്രത്യേക ദുർബല വിഭാഗങ്ങൾക്ക് ഭക്ഷ്യധാന്യ വിതരണത്തിൽ 6 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

R.V.V.

**സെക്ഷൻ ഓഫീസർ**